**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഉപ്പ് വെള്ളം മൂലമുള്ള കാർഷിക മേഖലയിലെ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളായ ചെറുവത്തൂർ, പടന്ന, വലിയപറമ്പ്, നീലേശ്വരം തീരദേശ പ്രദേശങ്ങളിൽ മുമ്പുണ്ടാകാത്ത തരത്തിൽ ഉപ്പ് വെള്ളം കയറി കുടിവെള്ളക്ഷാമവും കാർഷിക മേഖലയ്ക്ക് നാശനഷ്ടവും ഉണ്ടാകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സമയബന്ധിതമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളായ ചെറുവത്തൂർ, പടന്ന, വലിയപറമ്പ്, നീലേശ്വരം എന്നീ തീരദേശ ഗ്രാമങ്ങളിൽ മുമ്പൊരിക്കലും ഇല്ലാത്ത തരത്തിൽ ഉപ്പുവെള്ളം കയറി കുടിവെള്ള ക്ഷാമവും കാർഷിക മേഖലയ്ക്ക് നാശനഷ്ടവും ഉണ്ടാകുന്ന പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് മേൽപ്പറഞ്ഞ സ്ഥലങ്ങൾ ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) വിശദമായി പരിശോധിക്കുകയും പ്രതിവിധിയും നിർദ്ദേശങ്ങളും അടങ്ങിയ സമഗ്ര റിപ്പോർട്ട് (എസ്റ്റിമേറ്റ് തുക 5421 ലക്ഷം രൂപ) സർക്കാരിൽ അയച്ച് തരികയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ